# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് കൊടുവള്ളി

### മാസാന്ത്യ വാർത്താപത്രിക

**ജൂലായ് 2022**

എഡിറ്റർ :ഫാത്തിമ ഫർഹാന | ചീഫ് എഡിറ്റർ :സിയ കെ | സിലു ജാസ് മുഹമ്മദ് അസ്നാദ് മുഹമ്മദ് ആദിൽ അദ്നാൻ വി പി

## കൊടുവള്ളിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ലാബ് വരുന്നു

കൊടുവള്ളി:കൊടുവള്ളി ഗവ ഹയർ സെക്കന്ററി സ്കൂളിൽ, ആധുനിക സാങ്കേതികവിദ്യയുടെ തലച്ചോറായ ആർട്ടിഫിഷ്യൽ ഇന്റലിജിൻസിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന ലാബ് പ്രവ ർത്തനം ആരംഭിക്കുന്നു. കൊടുവള്ളി എം. എൽ. എ ശ്രീ ഡോ. എം. കെ. മുനീർ കഴിഞ്ഞ മാസം സ്കൂൾ ഓഡിറ്റോറിയത്തിൽ ഒരു പരിപാടിയിൽ പങ്കുടുക്കവേയാണ് എ.ഐ ലാബ് സ്ഥാപിക്കുന്നതിനുവേണ്ടി 20 ലക്ഷം രൂപ സ്കൂളിന് വാഗ്ദാനം ചെയ്തത്. കേന്ദ്ര ഗവണ്മെന്റിന്റെ അടൽ ഇന്നവേഷൻ മിഷന്റെ കീഴിലുള്ള അടൽ ടിങ്കറിങ് ലാബ് സ്കൂളിൽ മൂന്ന് വർഷമായി മികച്ച രീതിയിൽ പ്രവർത്തിച്ചു വരികയാണ്. ഈ ലാബിൽ കുട്ടികൾക്ക്, റോബോട്ടിക്, ഇലക്ട്രോണിക്സ്, ത്രീഡി പ്രിൻറർ എന്നിവയിൽ വിദഗ്ധരുടെ പരിശീലനം നടന്നു കൊണ്ടിരിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് ലാബ് കൂടി പ്രവർത്തനം തുടങ്ങിയാൽ സ്കൂളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യയിൽ പ്രാവീണ്യം നേടിയ കുട്ടി എഞ്ചിനീയർമാരെവാർത്തെടുക്കാനും സ്കൂളിന്റെ നിലവാരം അന്തർദേശീയ തലത്തിലെത്തിക്കാനും സാധിക്കും



### സയൻസ് ക്ലബ്ബ് ,ചാന്ദ്രദിനാചരണം ഉദ്ഘാടനം വിദ്യാർത്ഥികൾ സംഘാടകരായി

കൊടുവള്ളി :-സ്കൂളിലെ ചാന്ദ്ര ദിനാചരണവും സയൻസ് ക്ലബ്ബ് ഉദ്ഘാടനവും ജൂലായ് 21 ന് പൂർവ വിദ്യാർഥിയും ഫുൾ എ പ്ലസ്, യു എസ് എസ്, എൻ എം എം എസ് ജേതാവുമായ അസീൽ മുഹമ്മ ദ് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളായ സിയ കെ അധ്യക്ഷയായ പരിപാടിയിൽ ഫാത്തിമ നിദ സ്വാഗതവും ലെജ്ജ നന്ദിയും പറഞ്ഞു. . യൂ എൽ സ്പേസ് ക്ലബ് കോർഡിനേറ്റർമാരായ ശ്രേയ സഞ്ജീവ്, ആര്യ സുധാകരൻ എന്നിവർ ചാന്ദ്ര ദൗത്യങ്ങളെക്കുറിച്ച് കുട്ടികൾക്ക് ക്ലാസ്സ് എടുത്തു. ക്വിസ് മത്സരം, ചാന്ദ്രദിന പതിപ്പ്, മോഡൽ എന്നിവ ഉൾപ്പെടെ സയൻസ് എക്സിബിഷനും നടന്നു.




### അറബിക് ക്ലബ്ബ് ഉദ്ഘാടനം

കൊടുവള്ളി ഗവ ഹയർ സെക്കന്ററി സ്കൂൾ അറബിക് ക്ലബ് പി ടി എ പ്രസിഡന്റ് മുഹമ്മദ് കുണ്ടുങ്ങര ഉൽഘാടനം ചെയ്തു. പ്രധാനധ്യാപിക പി ഗീത അധ്യക്ഷയായി..കലാരംഗത്തു മികവ് തെളിയിച്ച സംഗീത അദ്ധ്യാപകൻ എ കെ ബാബുവിനെ പൊന്നാടയണിയിച്ചു ആദരിച്ചു. മത്സര വിജയികൾക്കും, എസ് എസ് എൽ സി പരീക്ഷയിൽ എ പ്ലസ് നേടിയ വിദ്യാർഥികൾക്കും ഉപഹാരം നൽകി. മാപ്പിളപ്പാട്ട് രചയിതാവ് ബദറുദ്ധീൻ പാറന്നൂർ ഡെപ്യൂട്ടി എച്ച് എം പി സി സേതുമാധവൻ, സ്റ്റാഫ് സെക്രട്ടറി പി പി രമേശൻ, പി കെ മുഹമ്മദ് ബഷീർ, എം വി ഹൈദ്രോസ്, യൂ കെ മുഹമ്മദ് ഷാഫി, കെ മുഹമ്മദ് ഇക്ബാൽ, എൻ പി അബ്ദുൾ റഷീദ് എന്നിവർ സംസാരിച്ചു.



### ത്രിഡി പ്രിന്റിങ്ങിൽ വർക്ക്ഷോപ്പ്

കൊടുവള്ളി- സ്കൂളിലെ അടൽ ടിങ്കറിങ് ലാബിൽ ത്രിഡി പ്രിന്റിങ്ങിൽ വർക്ക്ഷോപ്പ് നടന്നു. മെഡ്ഗിയർ പ്രൈവറ്റ് ലിമിറ്റഡ് സി ഇ ഒ യും ഐ ഐ ടി മുംബൈയിൽ നിന്നും ഇൻഡസ്ട്രിയൽ ഡിസൈനറുമായ ദിനോജ് ജോസഫാണ് ക്ലാസെടുത്തത്.'ടിങ്കർ കാർഡ് സോഫ്റ്റ് വെയർ ഉപയോഗിച്ച് ത്രീ ഡി ഇമേജുകൾ ഡിസൈൻ ചെയ്യുന്നതും ത്രിഡി പ്രിന്റർ അസംബ്ലിങ്ങും പരിശീലനം നൽകി.എൻ ഐ ടി കാലിക്കറ്റിലെ വിദ്യാർത്ഥികളും എ ടി എൽ ട്രയിനറും വർക്ക്ഷോപ്പിൽ കുട്ടികളെ സഹായിച്ചു.




### എസ്.പി.സി ബഷീർ ദിനാചരണം

സ്കൂൾ എസ്.പി.സി നടത്തിയ ബഷീർ അനുസ്മരണം ഷുഹൈബ് കൊടുവള്ളി ഉദ്ഘടനം ചെയ്തു. കൊടുവള്ളി എസ് ഐ അനൂപ് മുഖ്യാതിഥിയായി. കേഡറ്റുകൾ തയ്യാറാക്കിയ മാഗസിൻ 'സ്വപ്നം'പ്രകാശനം ചെയ്തു. വിദ്യാർത്ഥികൾ ബഷീർ കഥാപാത്രങ്ങളെ അവതരിപ്പിച്ചു. കൊടുവള്ളി ബി പി ഒ മെഹറലി, അധ്യാപകരായ സേതുമാധവൻ, ഡോ സതീഷ് എന്നിവർ സംസാരിച്ചു. കെ മുഹമ്മദ്, വി സുബൈദ,കേഡറ്റുകളായാ ഫാത്തിമ നിദ, ഹിബ ഫാത്തിമ, ലെന എന്നിവർ നേതൃത്വം നൽകി.

## നേട്ടങ്ങളിലൂടെ.......



നടക്കാവ് ജി.ജി.എച്ച്.എസ്.എസ് വെച്ച് നടന്ന ജില്ലാതല ലിറ്റിൽ കൈറ്റ്സ് ദ്വിദിന ക്യാമ്പിൽ പങ്കെടുത്ത മുഹമ്മദ് അസ്നാദ്



കൊടുവള്ളി ഉപജില്ലാ ചാന്ദ്രദിന ക്വിസ് മത്സരം ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ മുഹമ്മദ് സഹൽ



കോഴിക്കോട് നടന്ന അഖില കേരള ഓപ്പൺ ചെസ് ടൂർണമെൻ്റിൽ U - 14 കാറ്റഗറിയിൽ രണ്ടാംസ്ഥാനം നേടിയ.അമീനുൽ ഹഖ്



കൊടുവള്ളി സബ് ജില്ലാ അലിഫ് അറബിക് ക്വിസ് മത്സരത്തിൽ എച്ച് എസ്സിൽ മൂന്നാം സ്ഥാനം നേടിയ ലിയ ഫാത്തിമ

## ജൂലായ് മാസത്തിലൂടെ.........

ജൂലൈ 1:-ജൂൺ മാസത്തിലെ ലിറ്റിൽ കൈറ്റ്സ് മാസാന്ത്യ വാർത്താ പത്രിക പുറത്തിറക്കി.

ജൂലൈ 2:-ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ചിലേക്കുള്ള അഭിരുചി പരീക്ഷ നടന്നു.എസ് പി സി ശനിയാഴ്ച ക്യാമ്പ് നടന്നു.

ജൂലൈ 4:-വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സിജി കോർഡിനേറ്റർ മാരുടെ സാന്നിധ്യത്തിൽ അധ്യാപകരുടെ യോഗം ചേർന്നു.

കേരള ഗവൺമെന്റിന്റെ കീഴിലുള്ള കെ ഡിസ്കിന്റെ വൈ ഐ പി-2022 ന് 12 വിദ്യാർഥികൾക്ക് സെലക്ഷൻ ലഭിച്ചു

ജൂലൈ 5:-എസ്എസ്എൽ സി വിദ്യാർത്ഥികളുടെ യൂണിറ്റ് ടെസ്റ്റ് ആരംഭിച്ചു.എസ് പി സി യുടെ ബഷീർ ദിനാചരണം നടന്നു.

ജൂലൈ 6,7:-യു പി ക്ളാസിലെ എല്ലാ കുട്ടികൾക്കും ആൺ പെൺ വേർതിരിച്ച് ബോധവൽകരണ ക്ലാസ് നൽകി.

ജൂലൈ 8:-ബലി പെരുന്നാൾ ആഘോഷത്തിന്റെ ഭാഗമായി മെഹന്തി ഫെസ്റ്റ് നടത്തി.യു പിയിൽ ബഷീർ അനുസ്മരമ പ്രസംഗം നടന്നു.

ജൂലൈ 12:-എസ്എസ്എൽ സി ക്ക് മികച്ച വിജയം നേടിയ വിദ്യാർഥികളുടെ അനുമോദന ചടങ്ങ് നടന്നു. എൻ എം എം എസ് വിജയികളെയും അനുമോദിച്ചു.ജനസംഖ്യാദിന ക്വിസ് നടന്നു,

ജൂലൈ 13:-ഐ എസ് ആർ മുൻ ഡയറക്ടറും സയന്റിസ്റ്റുമായ പ്രഫസ്സർ കുട്ടി സാർ എടിഎൽ ലാബ് സന്ദർശിച്ചു.കൊടുവള്ളി സബ് ജില്ലാ സയൻസ് ക്ലബിന്റെ ഉദ്ഘാടനവും സയൻസ് ടീച്ചേർസ് ശിൽപശാലയും സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. എസ്എസ്എൽ സി വിദ്യാർഥികളുടെ രക്ഷിതാക്കൾക്ക് സിജി ട്രെയ്നർ ശ്രീ.അൻവർ നർകുന്ന ബോധവൽക്കരണ ക്ലാസ് തുടങ്ങി.

ജൂലൈ 14:-അലിഫ് അറബിക് ക്വിസ് മത്സരം നടന്നു.

ജൂലൈ 15:-ഡ്രൈ ഡേ ദിനാചരണത്തിന്റെഭാഗമായി കുട്ടികൾ സ്കൂളും പരിസരവും വൃത്തിയാക്കി.

ജൂലൈ 16,17:-നടക്കാവ് ജി.ജി.എച്ച്.എസ്.എസ് വച്ച് നടന്ന ജില്ല തല ലിറ്റിൽ കൈറ്റ്സ് ദ്വിദിന ക്യാമ്പിൽ 10 C യിൽ പഠിക്കുന്ന മുഹമ്മദ് അസ് നാദ് പങ്കെടുത്തു..പയ്യോളി സ്കൂളിൽ വെച്ച് നടന്ന എസ് പി സി ജില്ലാതല ക്വിസ് മൽസരത്തിൽ അഭിനവ് സൂരജ്,അശ്വന്ത് സുനീഷ് ,ഇർഷാദ് എന്നിവർ അഞ്ചാം സ്ഥാനം കരസ്ഥമാക്കി.

കോഴിക്കോട് നടന്ന അഖില കേരള ഓപ്പൺ ചെസ് ടൂർണമെൻ്റിൽ U - 14 കാറ്റഗറിയിൽ അമീനുൽ ഹഖ് രണ്ടാംസ്ഥാനം നേടി.

ജൂലൈ 18:-കുട്ടികൾക്ക് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നൽകി.എസ്എസ്എൽ സി രക്ഷിതാക്കളുടെ ക്ലാസ് നടന്നു.

ജൂലൈ 19:-കൊടുവള്ളി സബ് ജില്ലാ അലിഫ് അറബിക് ക്വിസ് മത്സരത്തിൽ ലിയ ഫാത്തിമക്ക് മൂന്നാം സ്ഥാനം ലഭിച്ചു.ദേശീയ അധ്യാപക അവാർഡ് ജേതാവും കുമ്പാറ ഫാത്തിമാബി സ്കൂൾ എച്ച് എമ്മുമായ ശ്രീ.നിയാസ് ചോല എ ടി എൽ സന്ദർശിച്ചു.

ജൂലൈ 20:-അറബിക്ക് ക്ലബിന്റെ ഉദ്ഘാടനം പി ടി എ പ്രസിഡണ്ട് മുഹമ്മദ് കുണ്ടുങ്ങര നിർവഹിച്ചു.മാപ്പിള പാട്ട് എഴുത്തുകാരനായ ബദറുദ്ദീൻ പാവണ്ടൂർ മുഖ്യാതിഥിയായിരുന്നു. സ്കൂൾ സംഗീത അധ്യാപകൻ ബാബുസാറിനെ ചടങ്ങിൽ ആദരിച്ചു. സ്കൂളിലെ സയൻസ് ടീച്ചേർസും ആറ് വിദ്യാർത്ഥികളും അടങ്ങിയ ഒരു ടീം എൻ ഐ ടി യിൽ വച്ച് നടന്ന യു.എൽ സ്പേസ് ക്ലബിന്റെ ചാന്ദ്രദിനാചരണത്തിൽ പങ്കെടുത്തു.എൻ ഐ ടി ലാബുകൾ സന്ദർശിച്ചു.

ജൂലൈ 21:-ചാന്ദ്ര ദിന ക്വിസ് മത്സരം നടത്തി യു.എൽ സ്പേസ് ക്ലബിന്റെ കോർഡിനേറ്റർമാരായ ശ്രേയ സംജീ വ്,ആര്യ സുധാകരൻ എന്നീവർ വിദ്യാർഥികൾക്ക് ചാന്ദ്ര പര്യവേഷണത്തെ കുറിച്ച് ക്ലാസ് എടുത്തു .സ്കൂൾ സയൻസ് ക്ലബിന്റെ ഉദ്ഘാടനം അസീൽ മുഹമ്മദ് നിർവഹിച്ചു.എസ്എസ്എൽ സി രക്ഷിതാക്കളുടെ ക്ലാസ് നടന്നു.

ജൂലൈ 22:-ചാന്ദ്രദിനാചരണത്തിന്റെ ഭാഗമായി സയൻസ് എക്സിബിഷൻ നടന്നു .കുട്ടികൾ തയ്യാറാക്കിയ റോക്കറ്റ് വിക്ഷേപണവും നടന്നു.സയൻസ് പതിപ്പുകൾ പ്രകാശനം ചെയ്തു.

ജൂലൈ 23:-സോഷ്യൽ സയൻസ് ക്ലബിന്റെ ക്വിസ് മത്സരം നടന്നു. ന്യൂ മാത്സ് പരീക്ഷക്ക് പങ്കെടുക്കുന്ന വിദ്യാർഥികളുടെ സെലക്ഷൻ നടന്നു .പത്താം ക്ലാസ് ഡി പ്ലസ് ബാച്ച് കുട്ടികളുടെ രക്ഷിതാക്കൾക്ക് മീറ്റിങ്ങും നടന്നു.

ജൂലൈ 26:-6 മുതൽ 8 വരെയുള്ള ക്ലാസ് പി.ടി.എ എകസിക്യൂട്ടീവ് അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ് നൽകി..സ്ക്കൂൾ അസംബ്ലി നടത്തി. പത്താം ക്ലാസിലെ യൂണിറ്റ് ടെസ്റ്റ് പരീക്ഷയിലെ 1, 2, 3 സ്ഥാനം ലഭിച്ചവർക്ക് ഉപഹാരം നൽകി.

ജൂലൈ 27:-കൊടുവള്ളി ഉപജില്ലാ ചാന്ദ്രദിന ക്വിസ് മത്സരം ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു .ഇതിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ 8C ക്ലാസിൽ പഠിക്കുന്ന മുഹമ്മദ് സഹൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.എടിഎല്ലിൽ ത്രിഡി പ്രിന്റിങ്ങിൽ വർക്ക്ഷോപ്പ് നടന്നു.മെഡ്ഗിയർ പ്രൈവറ്റ് ലിമിറ്റഡ് സി ഇ ഒ യും ഐ ഐ ടി മുംബൈയിൽ നിന്നും ഇൻഡസ്ടിയൽ ഡിസൈനറുമായ ദിനോജ് ജോസഫാണ് ക്ലാസെടുത്തത്.എൻ ഐ ടി കാലിക്കറ്റിലെ വിദ്യാർത്ഥികളും എ ടി എൽ ട്രയിനറും വർക്ക്ഷോപ്പിൽ കുട്ടികളെ സഹായിച്ചു.

ജൂലൈ 29:- സ്റ്റാഫ് മീറ്റിങ്ങ് നടന്നു.




കേരള ഗവൺമെന്റിന്റെ കീഴിലുള്ള കെ ഡിസ്കിന്റെ വൈ ഐ പി-2022 ന് തിരഞ്ഞെടുക്കപ്പെട്ടവർ



എസ്എസ്എൽ സി 2021-22 മികച്ച വിജയം കൈവരിച്ചതിന് ജില്ലാ പഞ്ചായത്തിന്റെ അവാർഡ് സ്വീകരിക്കുന്നു.




ഐ എസ് ആർ ഒ മുൻ ഡയറക്ടറും സയന്റിസ്റ്റുമായ പ്രഫ. ഇ കെ കുട്ടി സാർ എ ടി എൽ വിദ്യാർത്ഥികൾക്കൊപ്പം

